# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
## എലത്തൂർ മേഖലാ കാര്യാലയം

ഫോൺ: 2365040 -

അസി. എഞ്ചിനീയർ,

പുതിയങ്ങാടി. (പി.ഒ)
കോഴിക്കോട് – 673021


EZ4/10/2020

തീയതി : 09/02/2024

സ്വീകർത്താവ്,

ജോയിന്റ് ഡയരക്ടർ,
തദ്ദേശ സ്വയംഭരണ വകുപ്പ്,
സിവിൽ സ്റ്റേഷൻ,
കോഴിക്കോട്.

സർ,

വിഷയം:- കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ – എലത്തൂർ മേഖലാ കാര്യാലയം – ടൗൺ പ്ലാനിങ്ങ് വിഭാഗം – ജില്ലാതല അദാലത്ത് സമിതി- റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 06/02/2024 ലെ LSGD/JD/KKD/1021/2024-D4 നമ്പർ കത്ത്.

കോഴിക്കോട് കോർപ്പറേഷനിൽ എലത്തൂർ മേഖലാ കാര്യാലയ പരിധിയിലെ വാർഡ് 3 ൽ റീസ നമ്പർ 2/21ൽ പെട്ട സ്ഥലത്ത് പെട്രോൾ പമ്പ് സ്ഥാപിക്കാൻ EZ4/10/2020 തീയ്യതി 25/06/2022 പ്രകാരം അനുമതി നൽകിയതാണ്. പ്രസ്തുത നിർമ്മാണം സംബന്ധിച്ച് മൊയ്തീൻ കോയ, ധന്യാശബി എന്നിവർ പരാതി നൽകിയെങ്കിലും ആയത് വിവിധ കോടതി ഉത്തരവ് പ്രകാരം തള്ളിയതാണ്. പിന്നീട് അപേക്ഷകൻ പെർമിറ്റിൽ കുഞ്ഞബ്ദുള്ള എന്നവരുടെ പേര് മാറ്റി മകൻ കെ.കെ റഷീദിന്റെ പേര് ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ഫയൽ പരിശോധനയിൽ കുഞ്ഞബ്ദുള്ള എന്നവർ 06/04/2019 ന് മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞു. ആയതിനാൽ തെറ്റായ രീതിയിൽ പ്ലാൻ സമർപ്പിച്ചതിനാൽ പ്രസ്തുത പെർമിറ്റ് റിവോക്ക് ചെയ്യുവാൻ ശുപാർശ നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച് മൊയ്തീൻകോയ എന്നവർ പരാതി നൽകുകയും ചെയ്തതാണ്. കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ കേസിന്റെ വിധി അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി,
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.